**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **12-12-2022 - ൽ മറുപടിയ്ക്ക്**

**വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ മിനിമം നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ പലപ്പോഴും മോശം നിലവാരത്തിലുള്ളവയാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ മാസവും വിതരണത്തിന് മുമ്പ് അതാത് മാസം എഫ്.സി.ഐ-യിൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐയിലെയും, സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിന് ശേഷമാണ് എഫ്.സി.ഐ യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെട്ട് റേഷൻകടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം NFSA ഗോഡൗണുകളുമായി ബന്ധപ്പെട്ട് മോശം ഭക്ഷ്യധാന്യം മാറ്റി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് മിനിമം നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ മാസവും വിതരണത്തിന് മുമ്പ് അതാത് മാസം എഫ്.സി.ഐ-യിൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐയിലെയും, സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിന് ശേഷമാണ് എഫ്.സി.ഐ യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെട്ട് റേഷൻകടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം NFSA ഗോഡൗണുകളുമായി ബന്ധപ്പെട്ട് മോശം ഭക്ഷ്യധാന്യം മാറ്റി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സപ്ലൈകോയിലെയും FCI യിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് ഗുണ നിലവാരം ഉറപ്പുവരുത്തിയാണ് FCI ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ വിട്ടെടുക്കുന്നത്. ഇപ്രകാരം വിട്ടെടുക്കുന്ന അരി സപ്ലൈകോ ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിക്കുകയും നിശ്ചിത ഇടവേളകളിൽ തുടർപരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയുമാണ് സ്കൂളുകൾക്ക് വിതരണം ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ